9 (*458) വിവിധ വന്യജീവി സങ്കേതങ്ങളെ ബന്ധപ്പെടുത്തിയുള്ള വിനോദസഞ്ചാര പദ്ധതി

ശ്രീ. എം.എ. തോമസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വന്യജീവി സങ്കേതങ്ങളെ ബന്ധപ്പെടുത്തിയുള്ള വിനോദസഞ്ചാര പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രത്യേക പദ്ധതിയുടെ സവിശേഷതകൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ വന്യജീവി സങ്കേതങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എന്ത് തുക ചെലവ് പ്രതീക്ഷിക്കുന്നു;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽനിന്നും എന്തെങ്കിലും സഹായം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ ഇ. ചന്ദ്രശേഖരൻ നായർ) :

(എ)മുതൽ(ഇ)വരെ സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ വനം വകുപ്പിന്റെ അധീനതയിലായതിനാൽ ഇക്കാര്യത്തിൽ ടൂറിസം വകുപ്പ് നേരിട്ട് പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല. എന്നാൽ, വന്യജീവി സങ്കേതങ്ങളിലും വിനോദസഞ്ചാര സാദ്ധ്യതയുള്ള മറ്റു വന പ്രദേശങ്ങളിലും പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത രീതിയിൽ വിനോദസഞ്ചാരം വികസിപ്പിക്കുന്നതിനായി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം വനംവകുപ്പിന് കീഴിൽ ഒരു സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതിനുള്ള ഒരു നിർദ്ദേശം വനംവകുപ്പ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതായും ഗവൺമെന്റ് അത് പരിഗണിച്ചുവരുന്നതായും (വനംവകുപ്പ്) മനസ്സിലാക്കുന്നു.

10 (*459) കായിക പരിശീലന നിയന്ത്രണം

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ.ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 18-1-2000-നു ശേഷം കേരളത്തിലെവിടെയെങ്കിലും ആർക്കെങ്കിലും ആക്രമണത്തിന്റെയോ സ്വയരക്ഷയുടേയോ മാർഗ്ഗങ്ങൾ ഉൾക്കൊള്ളപ്പെടുന്ന കായികാഭ്യാസ പരിശീലനം നൽകിയതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2000-ലെ കേരള പോലീസ് ഭേദഗതി നിയമമനുസരിച്ച് കായികാഭ്യാസ പരിശീലനത്തിനായി എത്ര ലൈസൻസ് നൽകിയിട്ടുണ്ട്;

(സി) ലൈസൻസ് നൽകാൻവേണ്ടി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണ്;

(ഡി) ഇതിനാവശ്യമായ ചട്ടങ്ങൾ എന്നാണ് പുറപ്പെടുവിച്ചത്;

(ഇ) പോലീസ് നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം തരത്തിലുള്ള കായിക പരിശീലനമാണ് നിയന്ത്രിക്കുവാൻ ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ ഇ.കെ. നായനാർ) :

(എ) കരാട്ടേ, കുംഫു, കളരിപ്പയറ്റ് തുടങ്ങിയ കായികാഭ്യാസ പരിശീലനങ്ങൾ നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)(സി)&(ഡി) ഇതു സംബന്ധിച്ച ചട്ടങ്ങൾ തയ്യാറാക്കിവരുന്നു.

(ഇ) സ്വയരക്ഷയ്ക്കോ കൈയേറ്റ സ്വഭാവമുള്ള രീതിയിൽ ഉൾക്കൊള്ളുന്നതോ ആയ കായിക പരിശീലനങ്ങൾ 18-1-2000 ലെ കേരള പോലീസ് (അമെന്റ്മെന്റ്) ഓർഡിനൻസ് 2000 പ്രകാരം ഗവൺമെന്റ് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ അനുവാദം വാങ്ങിയശേഷം മാത്രമേ നടത്താൻ പാടുള്ളൂ എന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്.

11 (*460) റീജിയണൽ ക്യാൻസർ സെന്ററിൽ ആയുർവേദ ഗവേഷണ യൂണിറ്റും ഔഷധ വികസന കേന്ദ്രവും പ്രവർത്തനം ആരംഭിക്കാൻ നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എ. കണാരൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ആയുർവേദ ഗവേഷണ യൂണിറ്റും ഔഷധ വികസന കേന്ദ്രവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത യൂണിറ്റിൽ ഏതൊക്കെ രോഗങ്ങൾക്കാണ് ചികിത്സ ലഭ്യമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയുടെ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും സഹായം നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ പാരമ്പര്യ ഔഷധ വികസനം ലക്ഷ്യമാക്കിയുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; ആർ.സി.സി.യിലെ ആയുർവേദ ഗവേഷണത്തിലെ ചികിത്സയ്ക്ക് രോഗികളിൽനിന്നും ഫീസ് ഈടാക്കിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ വി.സി. കബീർ) :

(എ) വൈദ്യ ബാലേന്ദു പ്രകാശിന്റെ നേതൃത്വത്തിൽ ഡറാഡൂണിൽ പ്രവർത്തിച്ചുവരുന്ന വൈദ്യചന്ദ്ര പ്രകാശ് റിസർച്ച് ഫൗണ്ടേഷനും ആർ.സി.

LIBRARY ARCHIVES Kerala Legislative Assembly